"ബുദ്ധിമാന്ദ്യം" സംഭവിച്ച കുട്ടികളുടെ സംരക്ഷണം

117 [4891] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ സംരക്ഷിക്കുന്നതിനും അവരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കുമായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സംരക്ഷണത്തിനായി വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(1) നോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ കോഴിക്കോട്.

(2) കസ്റ്റോഡിയൽ കെയർഹോം ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ, മഞ്ചേരി.

(3) മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി റിറ്റാർഡഡ് ക്യാമ്പ്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം.

ഇവയിൽ കോഴിക്കോട്ടുള്ള സ്ഥാപനത്തിൽ 4 വയസ്സു മുതൽ 16 വയസ്സുവരെ പ്രായമുള്ള 50 കുട്ടികളേയും, മഞ്ചേരിയിലുള്ള സ്ഥാപനത്തിൽ 15 കുട്ടികളേയും താമസിപ്പിച്ച് സംരക്ഷണം നൽകുന്നു. ഈ സ്ഥാപനത്തിൽ 16 വയസ്സു കഴിഞ്ഞ് ബുദ്ധിമാന്ദ്യം സംഭവിച്ച 50 പേരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടികളെ സംരക്ഷിച്ച് അവർക്ക് വേണ്ട പരിചരണവും പരിശീലനവും നൽകി പുനരധിവസിപ്പിക്കുവാനാണ് ഉദ്ദേശം. പാങ്ങപ്പാറ എസ്.ഐ.എം.എച്ച്-ൽ ബുദ്ധിമാന്ദ്യം സംഭവിച്ച 50 കുട്ടികൾക്ക് സംരക്ഷണവും പരിശീലനവും നൽകുന്നതോടൊപ്പം ഡേ സ്കോളേഴ്സ് ആയ ബുദ്ധിവൈകല്യമുള്ള 25 പേർക്കും പരിശീലനം നൽകുന്നു. കൂടാതെ ബുദ്ധിമാന്ദ്യം സംഭവിച്ചവരെ പരിശീലിപ്പിക്കുന്ന പരിശീലകർക്കുള്ള ഡി.എസ്.ഇ. (എം.ആർ.) എന്ന കോഴ്സും ഇവിടെ നടത്തിവരുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന 21 വയസ്സിനു താഴെ പ്രായമുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിമാസം 75 രൂപ എന്ന നിരക്കിൽ 10 മാസത്തേക്ക് 750 രൂപ സ്കോളർഷിപ്പായും, മെസ് അലവൻസായി 100 രൂപയും, പാഠ്യോപകരണങ്ങൾക്കുള്ള അലവൻസായി പ്രതിവർഷം 50 രൂപയും ഉൾപ്പെടെ ആകെ 900 രൂപ നൽകിവരുന്നു.

കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം മന്ദബുദ്ധികളായ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകിവരുന്നു. ഈ പദ്ധതികൾ നടപ്പു വർഷവും തുടർന്നു വരുന്നു.

ബാലികാ സമൃദ്ധിയോജനാ പദ്ധതി

118 [4892] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ബാലികാ സമൃദ്ധിയോജനാ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly